**പത്രക്കുറിപ്പ്**

**KERALA STATE COMMISSION FOR**

**PROTECTION OF CHILD RIGHTS**

Vanross Junction, Kerala University P.O., Thiruvananthapuram – 695 034
Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

18.03.2022

## വിദ്യാർത്ഥികളുടെ സി.ഇ. മാർക്ക് മാനദണ്ഡം വ്യക്തമാക്കി മാർഗ്ഗരേഖ പുറപ്പെടുവിക്കണം

**ബാലാവകാശ കമ്മീഷൻ**

വിദ്യാർത്ഥികൾക്ക് സി.ഇക്ക് നൽകുന്ന ഓരോ മാർക്കിന്റെയും കുറക്കുന്ന ഓരോ മാർക്കിന്റെയും മാനദണ്ഡം വ്യക്തമാക്കി കൃത്യമായ മാർഗ്ഗരേഖ പുറപ്പെടുവിക്കാൻ സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവായി. ഇതിനാവശ്യമായ നടപടി സ്വീകരി ക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്കും ഡയറക്ടർക്കും കമ്മീഷൻ നിർദ്ദശം നൽകി. സർക്കാർ മാനദണ്ഡം പുറപ്പെടുവിക്കുമ്പോൾ വിവേചനാധികാരം ഉപയോഗിച്ച് മാർക്ക് നൽകാനുള്ള അവസരം അധ്യാപകർക്ക് നൽകരുത്. മാനദണ്ഡം സുതാര്യവും കുട്ടികളുടെ അവകാശം സംരക്ഷിക്കുന്ന വിധത്തിലും ആയിരക്കണമെന്നും കമ്മീഷൻ അംഗം കെ.നസീർ പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദശിച്ചു.

കുട്ടിക്ക് ഇംഗ്ലീഷിന് സി.ഇക്കുള്ള 20 മാർക്കിൽ 19 മാർക്ക് കിട്ടാനുണ്ടായ സാഹചര്യവും, സി.ഇ.വർക്ക് ചെയ്യാത്തതിനാണോ ഒരു മാർക്ക് കുറഞ്ഞത് എന്നും മറ്റുമുള്ള കാര്യങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറോ, അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അന്വേ ഷിച്ച് തീരുമാനിക്കേണ്ടതും വിദ്യാർത്ഥിയുടെ സി.ഇ. മാർക്ക് നിജപ്പെടുത്തി നൽകേണ്ട തുമാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഡയറക്ടർ, പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടർ എന്നിവർ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് മൂന്ന് മാസത്തിനകം നൽകാനും കമ്മീഷൻ നിർദ്ദേശം നൽകി.

പിരപ്പിൻകോട് ഗവ. എച്ച്.എസ്. സ്കൂളിലെ ഹയർസെക്കണ്ടറി സയൻസ് വിഭാഗം വിദ്യാർത്ഥി 9A+, 1A യും നേടി പഠനം പൂർത്തിയാക്കി. രണ്ടാം വർഷം ഇംഗ്ലീഷ് ഒഴികെ എല്ലാ വിഷയത്തിനും കുട്ടി A+നേടിയിരുന്നു.ഇംഗ്ലീഷിന് റിവാലുവേഷന് ശ്രമിച്ചപ്പോൾ സി.ഇ. മാർക്കിന്റെ കുറവാണ് കുട്ടിക്ക് A+ നഷ്ടപ്പെടാൻ കാരണമെന്ന് മനസിലാക്കി. സ്കൂളിൽ മാർക്ക് പ്രസിദ്ധപ്പെടുത്തുകയോ വിദ്യാർത്ഥികളെ അറിയിക്കുകയോ ചെയ്തില്ല. ഇത് അനേകം വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട മാർക്കുകൾ നഷ്ടപ്പെടുത്തി. ഇക്കാര്യ ത്തിൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രവീൺ. ആർ.പി കമ്മീഷന് സമർപ്പിച്ച പരാതിയിന്മേൽ വിശദമായ റിപ്പോർട്ടുകൾ പരിശോധിച്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

പബ്ളിക് റിലേഷൻസ് ഓഫീസർ